Malayala Manorama
06.12.2021

# പാഠ്യേതര വിഷയങ്ങൾക്കും പ്രാധാന്യം നൽകും: മന്ത്രി വി. ശിവൻകുട്ടി

**ചിത്ര രചനാ മത്സരത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചു**

തിരുവനന്തപുരം ● കുട്ടികളുടെ സർഗ്ഗവാസനകൾ പ്രോത്സാഹിപ്പിക്കുന്നതിനും ശാസ്ത്രബോധം വളർത്തുന്നതിനും ഉതകുന്നതരത്തിൽ പാഠ്യേതര വിഷയങ്ങൾക്കു കൂടി പ്രാധാന്യം നൽകിയാകും സിലബസ് പരിഷ്കരണമെന്നു മന്ത്രി വി. ശിവൻകുട്ടി.

ദേശീയ ഊർജ സംരക്ഷണ പക്ഷാചരണത്തിന്റെ ഭാഗമായി ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി, കേന്ദ്ര ഊർജ മന്ത്രാലയം എന്നിവ ചേർന്ന് വിദ്യാർഥികൾക്കായി സംഘടിപ്പിച്ച ചിത്രരചനാ മത്സരത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികാഘോഷം - ആസാദികാ അമൃത് മഹോത്സവിന്റെ ഭാഗമായി 'എനർജി എഫിഷന്റ് ഇന്ത്യ - ക്ലീനർ പ്ലാനറ്റ്' എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന ചിത്രരചനാ മത്സരം സംസ്ഥാനത്ത് 41 കേന്ദ്രങ്ങളിൽ നടന്നു. എനർജി മാനേജ്മെന്റ് സെന്റർ, കായംകുളം എൻടിപിസി, പൊതു വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ സഹകരണത്തോടെയാണു മത്സരങ്ങൾ സംഘടിപ്പിച്ചത്. എനർജി മാനേജ്മെന്റ് സെന്ററിന്റെ ന്യൂസ് ലെറ്ററും മന്ത്രി പ്രകാശനം ചെയ്തു.

കോട്ടൺഹിൽ സ്കൂളിൽ നടന്ന ചടങ്ങിൽ കൗൺസിലർ രാഖി രവികുമാർ, പൊതുവിദ്യാഭ്യാസ അഡിഷനൽ ഡയറക്ടർ എം.കെ. ഷൈമോൻ, കായംകുളം എൻടിപിസി. എച്ച്ആർ. മാനേജർ എം.ബാലസുന്ദരം, സ്കൂൾ പ്രിൻസിപ്പാൾ എം. ബീന, തുടങ്ങിയവർ പങ്കെടുത്തു.